പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

# പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി II
## (ഭൂനികുതിയും ദേവസ്വവും)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)പ്രകാരമുള്ളത്]

590/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീമതി ഷാനിമോൾ ഉസ്മാൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 10-10-2019, 26-12-2019, 23-7-2020 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

23-7-2020-ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2020 ജൂലൈ 23.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മാർച്ച് 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 10-10-2019, 26-12-2019, 23-7-2020 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2019-2020 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ടിലെ ശിപാശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അദ്ധ്യായം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

# 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 163.645 കോടി രൂപ (നോൺ പ്ലാൻ)

ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്ത പുതിയതും പഴയതുമായ ആർ.ഡി.ഒ. ഓഫീസുകൾ, താലൂക്കുകൾ എന്നിവയ്ക്ക് 10 ലക്ഷം രൂപയിൽ കുറവുള്ള വാഹനങ്ങൾ വാങ്ങുന്നതിന് നിലവിൽ സർക്കാർ ഉത്തരവായ തുക കൂടാതെ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 2]

### സ്വീകരിച്ച നടപടി

2019-20 വർഷത്തിൽ 2053-00-093-99-21(1) ശീർഷകത്തിൽ 60 ലക്ഷം രൂപ അധിക ധനവിനിയോഗാനുമതിയായി വാഹനം വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്.

### ശിപാർശ

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

ബഡ്ജറ്റ് വിഹിതം : 12,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി 12,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 3]

സ്വീകരിച്ച നടപടി

12,000 രൂപകൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : (31) 1.5 കോടി രൂപ (നോൺ പ്ലാൻ)

(36) 44.6 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ— 1.946 കോടി രൂപ (നോൺ പ്ലാൻ)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിൽ പരീക്ഷ നടത്തുമ്പോൾ ആയതിനുള്ള ചെലവിനും കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പള ചെലവിനുമായി കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 4]

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2250-00-102-99—1951-ലെ മദ്രാസ് എച്ച്.ആർ & സി.ഇ. നിയമം നടപ്പാക്കൽ -01—ശമ്പളം

ബഡ്ജറ്റ് വിഹിതം : 3.96 കോടി രൂപ (നോൺ പ്ലാൻ)

ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് ജീവനക്കാരുടെ ശമ്പളം നൽകുന്ന പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 54 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 5]

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന ഘട്ടത്തിൽ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 6]

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2250-00-103-82—വൈക്കം ക്ഷേത്ര കലാപീഠം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വൈക്കത്ത് പ്രവർത്തിക്കുന്നതും ക്ഷേത്ര കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി രൂപം കൊടുത്ത ക്ഷേത്രകലാപീഠം എന്ന സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 49.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 7]

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല

ശിപാർശ

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിനാൽ പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും അക്കാദമിയുടെ സകലവിധ പ്രവർത്തനത്തിനും, നടത്തിപ്പിനും തുക അധികമായി അനുവദിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 8]

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2250-00-103-86—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 1.25 കോടി രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക അപര്യാപ്തമായി വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തു വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള ധനസഹായം 1100 രൂപയായി

വിതരണം ചെയ്യേണ്ട നിലവിലെ സാഹചര്യത്തിലും പുതിയതായി വിവിധ ഡിവിഷനുകളിൽ ലഭിച്ചിട്ടുള്ള ധനസഹായ അപേക്ഷയിന്മേലുള്ള ചെലവിനായും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 1.665 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 9]

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-87—<u>മലബാർ ദേവസ്വം ബോർഡ്</u>

31—<u>സഹായധനം- ശമ്പളം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : (31) - 24.89 കോടി രൂപ (നോൺ പ്ലാൻ)

(36) - 11.498 കോടി രൂപ (നോൺ പ്ലാൻ)

ആകെ 36.388 കോടി രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ചെലവുകളായ ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അധികം തുക ആവശ്യമായി വരുമെന്നും ജീർണ്ണോദ്ധാരണ ഗ്രാന്റിന് മാത്രം 10 കോടി രൂപ ആവശ്യമായി വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ശമ്പള ഇനത്തിൽ 7 കോടിയും ശമ്പളേതര ഇനത്തിൽ 3.5020 കോടിയും ഉൾപ്പെടെ ഈ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 10.502 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 10]

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-89—<u>വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 72 ലക്ഷം രൂപ (നോൺ പ്ലാൻ)

വഖഫ് എൻക്വയറി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം എറണാകുളം ഓഫീസ് കൂടാതെ 6 ഡിവിഷണൽ ഓഫീസുകളും 2 എക്സ്റ്റൻഷൻ കൗണ്ടറുകളും, കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ആരംഭിച്ചിട്ടുള്ളതുകൊണ്ട് ഭരണപരമായ ചെലവുകൾ വർദ്ധിച്ച സാഹചര്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 7.28 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 11]

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തതുപോലെ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ 8 കോടി രൂപ അധികമായി അനുവദിക്കുന്നതിലേക്കായി വഖഫ് ബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2250-00-103-91—<u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധി, മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. 1-7-2014-ൽ ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും പരിഷ്കരിക്കുകയുണ്ടായെന്നും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേത്രജീവനക്കാരുടെയും പെൻഷൻ സമാനമായിരിക്കുന്ന അനൗചിത്യം പരിഹരിക്കുന്നതിനായി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ 3,000 രൂപയിൽ നിന്ന് 6,000 രൂപയായി

വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്കായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9999 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 12]

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-98—<u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 31.9999 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 13]

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-99—<u>ദേവസ്വം ഫണ്ടിലേക്കും, ശ്രീപണ്ടാരം വക ഫണ്ടിലേക്കും ഉള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനും വാർഷിക വിഹിതം നൽകുന്ന ഈ ശീർഷകത്തിൽ 15 വർഷം മുമ്പുള്ള നിരക്കാണ്

ഇപ്പോഴും നൽകി വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 14]

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)</u>

ബഡ്ജറ്റ് വിഹിതം : 1.3387 കോടി രൂപ (നോൺ പ്ലാൻ)

ശബരിമലയിലും എരുമേലിയിലും മറ്റ് പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 15]

<u>സ്വീകരിച്ച നടപടി</u>

3,66,13,000 രൂപ അധികമായി അനുവദിച്ചു.

<u>ശിപാർശ</u>

3475-00-115-99—<u>കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായുള്ള മുഴുവൻ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) സെക്രട്ടേറിയറ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് പ്രസ്തുത സെക്രട്ടേറിയറ്റിൽ കൺസൾട്ടന്റുമാർ,

പ്രൊഫഷണലുകൾ, ഓഡിറ്റർമാർ തുടങ്ങിയവരെ നിയമിക്കുന്നതിനും പ്രത്യേക ഓഫീസ് സംവിധാനം, വാഹനം, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ചെലവുകൾക്കുമുള്ള നിലവിലെ ബഡ്ജറ്റ് വിഹിതം വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 18]

<u>സ്വീകരിച്ച നടപടി</u>

3475-00-115-99—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ 12-4-2019-ലെ സ. ഉ. (സാധാ.) നം. 3021/2019/ധന. പ്രകാരം 10 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4551-60-800-99—<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

ബഡ്ജറ്റ് വിഹിതം : 28 കോടി രൂപ (പ്ലാൻ)

ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 22 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 19]

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കേന്ദ്ര ദുരന്ത നിവാരണ നിയമം-2005, സെക്ഷൻ 38(2) (ഡി) പ്രകാരം എല്ലാ വകുപ്പുകളും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക അതത് മേഖലകളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തണമെന്ന്

വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, എല്ലാ വകുപ്പുകളും 10% തുക ആയതിനായി മാറ്റിവയ്ക്കണമെന്ന നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2016-ൽ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ തുക പ്രസ്തുത മേഖലകളിലെ ദുരന്തനിവാരണത്തിന്റെ മുഖ്യധാരാവൽക്കരണത്തിനായി ഉപയോഗിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

കേന്ദ്ര സ്കീമുകൾ ലെജിസ്ലേറ്റീവ് ഫണ്ട് അല്ലാതെയുള്ള (MGNREGY പോലെയുള്ളവ) എല്ലാ കേന്ദ്ര സ്കീമുകളിലെയും 10% തുക ഫ്ലക്സി ഫണ്ടായി അതത് മേഖലകളിലെ ദുരന്ത ലഘൂകരണത്തിനായി മാറ്റിവയ്ക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയത് എല്ലാ വകുപ്പുകളും 2019-20 മുതൽ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 22]

<u>സ്വീകരിച്ച നടപടി</u>

## വിവരപൊതുജനസമ്പർക്ക വകുപ്പ്

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് വിവര കൈമാറ്റത്തിനുള്ള വകുപ്പാണ്. ദുരന്തങ്ങളുടെ മുന്നറിയിപ്പും ദൗർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടായാലും തുടർന്നുള്ള വിവരങ്ങളും അറിയിപ്പുകളും ജനങ്ങൾക്കും സർക്കാരിനും കൈമാറുകയാണ് വകുപ്പിന്റെ ദൗത്യം. ഇത്തരത്തിൽ ദുരന്ത നിവാരണത്തിന് സഹായകരമായ വിധത്തിൽ അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള കാര്യങ്ങൾക്കായി സഭാ സമിതിയുടെ ശിപാർശ മുന്നിൽവച്ച് വകുപ്പിന്റെ ശാക്തീകരണത്തിനുള്ള പദ്ധതികൾ യഥാസമയം പൂർത്തിയാക്കി വകുപ്പ് സജ്ജമാക്കുമെന്നും വിവര വിനിമയത്തിനുള്ള ആധുനിക സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുമെന്നും സമിതിയെ അറിയിക്കാവുന്നതാണ്.

[ഖണ്ഡിക 21]

ഈ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്ര സ്കീമുകൾ ഒന്നും തന്നെ നിലവിലില്ലായെന്ന വിവരം സമിതിയെ അറിയിക്കാവുന്നതാണ്.

[ഖണ്ഡിക 22]

## നിയമ (നോഡൽ) വകുപ്പ്

നിയമ വകുപ്പിൽ പദ്ധതി വിഹിതം വളരെ തുച്ഛമായതിനാൽ 2016-ലോ അതിനുശേഷമോ ഈ ഇനത്തിൽ തുക മാറ്റിവച്ചിട്ടില്ല. ദുരന്ത നിവാരണ പ്രവർത്തനവുമായി നിയമ വകുപ്പിന് നേരിട്ട് ബന്ധമില്ലാത്തതിനാൽ 2005-ലെ ദുരന്ത നിവാരണ നിയമത്തിന്റെ 38(d) വകുപ്പ് പ്രകാരമുള്ള ശിപാർശ നിയമ വകുപ്പിന് ബാധകമാക്കേണ്ടതില്ല എന്ന വിവരം അറിയിക്കുന്നു.

[ഖണ്ഡിക 21, 22]

## പൊതുഭരണ (പാർലമെന്ററി) വകുപ്പ്

ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട സാഹചര്യം പൊതുഭരണ വകുപ്പിൽ വന്നുചേരാത്തതിനാൽ പ്ലാൻ ഫണ്ടിന്റെ 10% തുക ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടില്ല. കൂടാതെ കേന്ദ്ര സ്കീമുകളൊന്നും ഈ വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല.

[ഖണ്ഡിക 21, 22]

## ആഭ്യന്തര വകുപ്പ്

ജയിൽ വകുപ്പിന് "ജയിലുകളുടെ നവീകരണം", "തടവുകാരുടെ ക്ഷേമം" എന്നീ രണ്ട് വാർഷിക പദ്ധതികളാണുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) പ്രളയം കാരണം "ജയിലുകളുടെ നവീകരണം" പദ്ധതിയിൽ 21 ലക്ഷം രൂപയും "തടവുകാരുടെ ക്ഷേമം" പദ്ധതിയിൽ നിന്നും 31 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 52 ലക്ഷം രൂപ 1-6-2019-ലെ സ. ഉ. (കൈ) നമ്പർ 65/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്.

[ഖണ്ഡിക 21]

ജയിൽ വകുപ്പിന് കേന്ദ്ര സ്കീമിൽ എല്ലാ വർഷവും തുക ലഭ്യമാക്കാറില്ല. നടപ്പ് സാമ്പത്തിക വർഷം (2019-20) ഇ-പ്രിസൺ പദ്ധതി നടപ്പിലാക്കുന്നതിനായി 76 ലക്ഷം രൂപ (എഴുപത്തി ആറ് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്. ആയത് ഇ-പ്രിസൺ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് അപര്യാപ്തമാണ്.

[ഖണ്ഡിക 22]

## സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള എല്ലാ വകുപ്പുകളോടും/ സ്ഥാപനങ്ങളോടും പ്ലാൻ ഫണ്ടിന്റെ 10% തുക ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ഖണ്ഡിക 21]

## ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ 2019-20-ലെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് തുക മാറ്റിവയ്ക്കാൻ കഴിഞ്ഞിട്ടില്ല. നേരിട്ട് പൊതുജനങ്ങൾക്ക് എത്തുന്ന തരത്തിലുള്ള പദ്ധതികൾ വകുപ്പ് വഴി നടപ്പാക്കുന്നില്ല. ഇ.എസ്.ഐ. ഗുണഭോക്താകൾക്കും അവരുടെ കുടുംബത്തിനുമുള്ള പ്രൈമറി, സെക്കന്ററി കെയർ എന്നിവയാണ് വകുപ്പിലൂടെ നടപ്പാക്കുന്നത്. 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നവേളയിൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് 5 മുതൽ 10% വരെ തുക മാറ്റിവയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

[ഖണ്ഡിക 21]

MGNREGY പോലെയുള്ള കേന്ദ്ര സ്കീമുകൾ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് വഴി നടപ്പാക്കുന്നില്ല.

[ഖണ്ഡിക 22]

## വിനോദസഞ്ചാര വകുപ്പ്

വിനോദസഞ്ചാര വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന തുകയുടെ 10%, വിനോദസഞ്ചാര കേന്ദ്രവുമായി ബന്ധപ്പെട്ട് വരുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തുന്നതാണ്.

[ഖണ്ഡിക 21]

നടപടി സ്വീകരിക്കുന്നതാണ്.

[ഖണ്ഡിക 22]

## ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

പ്രകൃതി ദുരന്തം പോലെയുള്ള അപകട സാഹചര്യങ്ങളിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നേരിട്ട് ഇടപെടൽ നടത്തുന്നില്ല. എന്നാൽ വ്യവസായിക അപകടം നടക്കുന്നത് തടയുക എന്ന ഉദ്ദേശ്യത്തോടെ 2019-20 സാമ്പത്തിക വർഷത്തിൽ ROCERS (Remote Censing Enabled Chemical Emergency Response System) എന്ന പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

[ഖണ്ഡിക 21]

2019-20 സാമ്പത്തിക വർഷം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ കേന്ദ്ര സ്കീമുകൾ ഒന്നും തന്നെ ഇല്ല.

[ഖണ്ഡിക 22]

## വ്യാവസായിക പരിശീലന വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ ബജറ്റിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ മുന്നിൽകണ്ട് "നൈപുണ്യ കർമ്മ സേന" എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതി വിഭാവനം ചെയ്യുന്നത് കൊണ്ട് ലക്ഷ്യമിടുന്നത് വകുപ്പിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാരെയും, ട്രെയിനികളെയും ഉപയോഗിച്ച് സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ സാധാരണ ജനങ്ങൾക്ക് വേണ്ട സാങ്കേതിക സഹായം സൗജന്യമായി ലഭ്യമാക്കുക എന്നതാണ്. ഇതിനായി സംസ്ഥാന സർക്കാരിന്റെ റിബിൽഡ് കേരള എന്ന പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കാനും വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനായി എല്ലാ ജില്ലകളിലും ജില്ലാതല നൈപുണ്യ കർമ്മ സേന യൂണിറ്റുകളും രൂപീകരിക്കുന്നതാണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി ശിപാർശയിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

[ഖണ്ഡിക 21]

വ്യാവസായിക പരിശീലന വകുപ്പിന് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക എല്ലാം തന്നെ ലെജിസ്ലേച്ചർ ഫണ്ട് ആയിട്ടാണ് ലഭിക്കുന്നത്.

[ഖണ്ഡിക 22]

## പരിസ്ഥിതി വകുപ്പ്

### പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട സംസ്ഥാന പദ്ധതികളിൽ അടുത്ത സാമ്പത്തിക വർഷം മുതൽ (2020-21) 10% തുക ദുരന്ത നിവാരണത്തിന്റെ മുഖ്യധാരാവത്കരണത്തിനായി ഉപയോഗിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ദുരന്ത ലഘൂകരണത്തിന് 10% തുക ഫ്ലക്സി ഫണ്ടായി ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഈ കാര്യാലയത്തിലെ കേന്ദ്ര സഹായമുള്ള പദ്ധതികളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുവാൻ സാധിക്കുകയില്ല.

### കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

കേരളത്തിന്റെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി, കേരളത്തിന്റെ തനത് ജൈവവൈവിധ്യ സംരക്ഷണത്തിനായി വിവിധ പദ്ധതികൾ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) പ്രളയം പരിസ്ഥിതിക്കേൽപ്പിച്ച ആഘാതങ്ങളെക്കുറിച്ച് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരളത്തിലെ 187 പഞ്ചായത്തുകളിൽ പഠനം നടത്തി, റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. ഇതിനായി 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപ നീക്കിവച്ചിരുന്നു.

(2) കേരളത്തിലെ കാലാവസ്ഥ വ്യതിയാനം ജൈവവൈവിധ്യത്തിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെകുറിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി വിവിധ മേഖലകളിലെ 27 ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലെ പ്ലാൻ പദ്ധതി വിഹിതത്തിൽ നിന്നും 143 ലക്ഷം രൂപയാണ് പ്രളയാനന്തര പഠനത്തിനായി നീക്കിവച്ചിരുന്നത്. ഇതിൽ 80% തുക 2018-19-ൽ അനുവദിക്കുകയും, ബോർഡിന്റെ നാലാം ഗഡു ലഭ്യമാകാത്തതിനാൽ ബാക്കി വന്ന 20% തുക 2019-20 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(3) ജൈവവൈവിധ്യ പരിപാലന സമിതികളെ ശാക്തീകരിച്ച് 'മാതൃക ബി.എം.സി.കളാക്കുന്ന പദ്ധതി ബോർഡ് നടപ്പിലാക്കിവരുന്നു. 13-ാം പഞ്ചവത്സര

പദ്ധതിയുടെ ഭാഗമായി, 100 ബി.എം.സി.കളെ ശാക്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി 2017-18-ൽ 20 ജൈവവൈവിധ്യ പരിപാലന സമിതികളെ മാതൃകാ ബി.എം.സി.കളായി തെരഞ്ഞെടുത്ത് 100 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ തുടർച്ചയെന്നോണം 2019-20 സാമ്പത്തിക വർഷത്തിൽ 28 ജൈവവൈവിധ്യ പരിപാലന സമിതികളെ മാതൃകാ ബി.എം.സി.കളായി തെരഞ്ഞെടുത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 140 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇവയിൽ പ്രളയ ബാധിത മേഖലയിൽ ഉൾപ്പെട്ട 10 ബി.എം.സി.കളിൽ പ്രാദേശിക തലത്തിൽ പ്രളയാനന്തര ജൈവവൈവിധ്യ സംരക്ഷണം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(4) പ്രളയം കേരളത്തിന്റെ ഭീമമായ ജൈവസമ്പത്തിന്റെ ശോഷണത്തിനും പ്രകൃതിയുടെ സന്തുലനത്തിലും ഭംഗം വരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരളത്തിലെ 13 ജില്ലകളിൽ നടത്തിയ പഠനം കാർഷിക ജൈവവൈവിധ്യം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. പരമ്പരാഗത ജനിതക സംരക്ഷകരായ കർഷകരെ ഉൾപ്പെടുത്തി കേരളത്തിന്റെ കാർഷിക ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനായി ബോർഡ് ഒരു പദ്ധതി ആവിഷ്കരിക്കുകയും, 2019-20-ൽ ഇതിനായി 70 ലക്ഷം രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(5) കേരളത്തിലെ വിവിധ മേഖലകളുടെ ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യം വച്ചു കൊണ്ട് 6 പ്രത്യേക ജൈവവൈവിധ്യ സംരക്ഷണ മേഖലകൾ തെരഞ്ഞെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന ജൈവൈവിധ്യ ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര വിഹിതം ലഭ്യമാകുന്ന പദ്ധതികൾ ഒന്നും തന്നെയില്ല.

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

പ്രളയത്തെ തുടർന്ന് ജലസ്രോതസ്സുകൾ തന്നെ മലിനപ്പെട്ട സാഹചര്യത്തിൽ കുടിവെള്ളത്തിന്റെ ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ഏകദേശം 40000-ത്തോളം കിണർജല സാമ്പിളുകളുടെ ഗുണനിലവാരം ബോർഡ് നിർണ്ണയിച്ച് ശുദ്ധീകരണം ആവശ്യമായ കിണറുകളിൽ അവ നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകി. ഇതിനായി KSREC മുഖേന

WELLCARE മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും പ്രസ്തുത വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പൊതുജനങ്ങളിൽ എത്തിക്കുകയും ചെയ്തു. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കൂടുതലുള്ള കിണറുകൾ കൂടുതൽ വിശദമായി പരിശോധിക്കേണ്ടതാണെന്നും അവയുടെ പരിസരത്ത് മലിനജല സ്രോതസ്സുണ്ടോയെന്ന് പരിശോധിക്കാനും കിണറിലെ വെള്ളം വറ്റിക്കുക, സൂപ്പർ ക്ലോറിനേഷൻ നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിണർജല ഗുണ നിലവാര പരിശോധനയ്ക്കായുള്ള കെമിക്കൽസ്, ഉപകരണങ്ങൾ എന്നിവയ്ക്ക് വാർഷിക പദ്ധതിയുടെ ഫണ്ടിൽ നിന്നും 10,36,021 രൂപ (പത്ത് ലക്ഷത്തി മുപ്പത്തി ആറായിരത്തി ഇരുപത്തി ഒന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്.

ഇത് കൂടാതെ 'Study on impact of heavy flood on the Environmental Characteristics of Vembanad Back waters' എന്ന പഠനം 16,20,000 രൂപയ്ക്ക് (പതിനാറ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) നടത്താൻ CUSAT മായി MoU ഒപ്പിട്ടിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടത്തിന് വേണ്ടി 8,01,204 (എട്ട് ലക്ഷത്തി ആയിരത്തി ഇരുന്നൂറ്റി നാല് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ദുരന്ത നിവാരണ പ്രവർത്തനത്തിന്റെ ഭാഗമായി 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതിയുടെ ഫണ്ടിൽ നിന്നും ആകെ 18,37,225 രൂപ (പതിനെട്ട് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

കേന്ദ്ര സ്കീമുകളിൽ നിന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് ഫണ്ടുകളൊന്നും ഇതുവരെയും ലഭ്യമായിട്ടില്ല.

[ഖണ്ഡിക 21, 22]

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

2019-20 സാമ്പത്തിക വർഷം, തൊഴിൽ വകുപ്പിന്റെ ബഡ്ജറ്റിൽ ദുരന്ത ലഘൂകരണത്തിനായി തുകയൊന്നും മാറ്റിവച്ചിട്ടില്ല. സർക്കാർ അനുമതിയോടെ, പ്ലാൻ ഫണ്ടിൽ ലഭ്യമായ തുകയിൽ നിന്നും 10% ടി ആവശ്യത്തിനായി മാറ്റിവയ്ക്കുന്നതാണ്.

[ഖണ്ഡിക 21, 22]

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളായ ശരണ്യ, കൈവല്യ, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് എന്നിവ ഉദ്യോഗാർത്ഥികൾക്ക് വായ്പയും സബ്സിഡിയും നൽകി വരുന്ന പദ്ധതികളാണ്. വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികളായ കമ്പ്യൂട്ടർവൽക്കരണം, എംപ്ലോയബിലിറ്റി സെന്റർ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തവുമാണ്. അതുപോലെ കേന്ദ്ര സർക്കാരിൽ നിന്നും എംപ്ലോയ്മെന്റ് ഡയറക്ടർ ജനറൽ മുഖേന മോഡൽ കരിയർ സെന്ററുകൾക്കായി അനുവദിച്ചുകിട്ടുന്ന തുകയും തീരെ അപര്യാപ്തവും, ആയത് നിർദ്ദിഷ്ട പദ്ധതികൾക്ക് മാത്രമേ വിനിയോഗിക്കുവാനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുകകളിൽ നിന്ന് സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വവും)-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ പൊതു ശിപാർശ ഖണ്ഡിക 21, 22 പ്രകാരം നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കുവാൻ സാധിച്ചിട്ടില്ല എന്ന വിവരം വിനയപുരസ്സരം ബഹു. സമിതിയെ അറിയിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പ് കൈകാര്യം ചെയ്യുന്ന [2225-01-285-96 (പി)] ശീർഷകത്തിൽ 600 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം വകയിരുത്തിയതിൽ 100 ലക്ഷം രൂപ ദുരിതാശ്വാസം കൈകാര്യം ചെയ്യുന്നതിനായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖേന നടത്തുന്ന എല്ലാ വികസന പദ്ധതികളിലും ദുരിത ബാധിതരുടെ സാമ്പത്തിക ഉന്നമനത്തിനായി തുക അനുവദിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതിന് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

[ഖണ്ഡിക 21]

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് തുക മാറ്റിവയ്ക്കണമെന്ന് നിർദ്ദേശം ലഭിച്ചിട്ടില്ല.

[ഖണ്ഡിക 22]

## കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

ഈ വകുപ്പിന് കീഴിൽ വരുന്ന ഇൻലാന്റ് നാവിഗേഷൻ വകുപ്പിൽ ഉൾപ്പെടുത്തി ബോട്ട് ജെട്ടികളുടെ നിർമ്മാണവും, ടെർമിനലുകളുടെ നിർമ്മാണം, കനാലുകളുടെ ആഴം കൂട്ടൽ എന്നീ പ്രവൃത്തികളാണ് നടക്കുന്നത്. കേന്ദ്ര ദുരന്ത നിവാരണ നിയമം-2005, സെക്ഷൻ 38 (2) (ഡി) പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് 10 ശതമാനം തുക മാറ്റിവയ്ക്കുന്നതാണ്.

[ഖണ്ഡിക 21]

ഇൻലാന്റ് നാവിഗേഷന്റെ പ്രവൃത്തികൾ എല്ലാം തന്നെ സംസ്ഥാന ഫണ്ട് ഉപയോഗിച്ചാണ് ചെയ്യുന്നത്. കേന്ദ്ര സ്കീം ഒന്നും തന്നെ ഈ വകുപ്പിൽ ഇല്ലാത്തതിനാൽ ഈ ശിപാർശയുമായി ബന്ധപ്പെട്ട് നടപടികൾ ഒന്നും സ്വീകരിക്കാനില്ലായെന്ന് അറിയിക്കുന്നു.

[ഖണ്ഡിക 22]

**അദ്ധ്യായം II**

## 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക |
|---|---|
| റവന്യൂ | 1, 16, 17, 20 |

തിരുവനന്തപുരം,
2020 ജൂലൈ 23.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.